**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിന്റെ പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ പ്രചാരണത്തിന്, ഓരോ മണ്ഡലങ്ങളിലും സർക്കാരിന്റെ നേട്ടങ്ങൾ അടങ്ങിയ, ഒരു മണിക്കൂർ വീതമുള്ള, കണ്ടന്റ് തയ്യാറാക്കി കലാ ജാഥ നടത്തുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും പ്രതിഫലം നൽകിക്കൊണ്ട് ഐ&പി.ആർ.ഡി. വകുപ്പ് മുഖേന പ്രോപ്പോസൽ ക്ഷണിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ക്ഷണിച്ചിരുന്നു.<br><br>ചുവടെ പറയുന്ന പ്രൊപ്പോസലുകളാണ് ലഭിച്ചത്.<br><br>1. ലക്ഷ്യ, പാലക്കാട്<br>2. സനു കൃഷ്ണ, വടക്കഞ്ചേരി, പാലക്കാട്<br>3. സിബിൻ ഹാരി, തൃശ്ശൂർ<br>4. സനീഷ് മുഖശ്രീ, ചെങ്ങന്നൂർ<br>5. ആർ എൻ ആർട്സ് ഹബ്, പാലക്കാട്<br>6. വൈഭവ് വിഷൻ ഇന്ത്യ<br><br>ഇതിൽ ആർ എൻ ആർട്സ് ഹബ് എന്ന ഏജൻസിയെ തെരഞ്ഞെടുത്തു. ഒരു ദിവസം മൂന്ന് എന്ന കണക്കിൽ പരമാവധി 4 നിയോജകമണ്ഡലങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നതിന് പ്രതിദിനം 1,05,000/- രൂപയാണ് നിശ്ചയിച്ചത്. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ച ഏജൻസികൾ ഏതൊക്കെയെന്നും ആയതിന് തെരഞ്ഞെടുത്ത ഏജൻസികൾ ഏതൊക്കെയെന്നും അവർക്ക് നിശ്ചയിച്ച് നൽകിയ പ്രതിഫലം എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | ചുവടെ പറയുന്ന പ്രൊപ്പോസലുകളാണ് ലഭിച്ചത്.<br><br>1. ലക്ഷ്യ, പാലക്കാട്<br>2. സനു കൃഷ്ണ, വടക്കഞ്ചേരി, പാലക്കാട്<br>3. സിബിൻ ഹാരി, തൃശ്ശൂർ<br>4. സനീഷ് മുഖശ്രീ, ചെങ്ങന്നൂർ<br>5. ആർ എൻ ആർട്സ് ഹബ്, പാലക്കാട്<br>6. വൈഭവ് വിഷൻ ഇന്ത്യ<br><br>ഇതിൽ ആർ എൻ ആർട്സ് ഹബ് എന്ന ഏജൻസിയെ തെരഞ്ഞെടുത്തു. ഒരു ദിവസം മൂന്ന് എന്ന കണക്കിൽ പരമാവധി 4 നിയോജകമണ്ഡലങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നതിന് പ്രതിദിനം 1,05,000/- രൂപയാണ് നിശ്ചയിച്ചത്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന എത്ര മണ്ഡലങ്ങളിൽ കലാ ജാഥ നടത്തിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് 137 മണ്ഡലങ്ങളിൽ കലാജാഥ നടത്തി. പ്രതിഫലം റിലീസ് ചെയ്തിട്ടില്ല. |
| (ഡി) | സർക്കാരിന്റെ വികസന നേട്ടങ്ങൾ ഉൾക്കൊള്ളിച്ച കണ്ടന്റുകൾ തയ്യാറാക്കുന്നതിന് ഐ&പി.ആർ.വകുപ്പിന് കീഴിൽ സംവിധാനമുണ്ടായിട്ടും ഇത് പുറം ഏജൻസികളെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ? | (ഡി) | പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന കലാജാഥ മാതൃകയിലുള്ള പരിപാടികൾക്ക് നിലവിൽ പിന്തുടരുന്ന രീതിയാണ് ഇക്കാര്യത്തിലും സ്വീകരിച്ചത്. |

സെക്ഷൻ ഓഫീസർ